**A**

# SAMAGRA SHIKSHA, KERALA

**902**

## രണ്ടാം പാദവാർഷിക മൂല്യനിർണയം-2018

## കേരളപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**

**(4x1=4)**

1. സർക്കാർ ഓഫീസിൽ നിന്ന് അർഹതപ്പെട്ട ഒരു കാൽപായ കടലാസിനു വേണ്ടി ഒരു ജീവിതം <u>കരിയിലപോലെ പാറുന്നു</u>.

   അടിവരയിട്ട പ്രയോഗത്തിന് ഏറ്റവും യോജിച്ച അർഥം എന്ത്?

   - ജീവിതവിരക്തി
   - പരാജയബോധം
   - ലാഘവത്വം
   - നിസ്സഹായാവസ്ഥ

2. 'വിളക്കു കത്തിപ്പതിനന്തിയായാൽ
   മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ.'

   ഈ വരികളുടെ ആശയത്തിന് ഏറ്റവും ഇണങ്ങുന്ന പഴഞ്ചൊല്ല് ഏത്?

   - മിന്നുന്നതെല്ലാം പൊന്നല്ല
   - വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
   - അണ്ണാറക്കണ്ണനും തന്നാലായത്
   - ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

3. ചുവടെ കൊടുത്തവയിൽ ശരിയായ കൂട്ടം ഏത്?

   - കൈയ്,കൾ - കൈകൾ
   - സ,ആയത്തം - സ്വായത്തം
   - നദി,ഓരം - നദിയോരം
   - കടൽ,ക്കര - കടൽക്കര

4. കവിതയുടെ മൃത്യുഞ്ജയം എന്ന ശീർഷകത്തിന്റെ ആശയവുമായി യോജിക്കാത്ത വാക്യമേത്?

- കവിതയ്ക്ക് മരണമില്ല
- കവിത അനശ്വരമാണ്
- മൃത്യു കവിതയെ ജയിക്കുന്നു
- കവിതയിലൂടെ കവി മരണത്തെ അതിജീവിക്കുന്നു.

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 2എണ്ണത്തിന് ഉത്തരമെഴുതുക.** **(2x2=4)**

5. താഴെ കൊടുത്തിരിക്കുന്നവയിൽ താളവ്യത്യാസമുള്ള വരികൾ കണ്ടെത്തി എഴുതുക.

- ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
  നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ
- എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
  ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചിടുന്നു!
- നാമന്നു നിഷ്കർഷ പാലിച്ചെടുത്തൊരാ-
  ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ്.
- മരമായിരുന്നു ഞാൻ പണ്ടൊരു മഹാനദി-
  ക്കരയിൽ നദിയുടെ പേരു ഞാൻ മറന്നുപോയ്.

6.
- ഇക്കാക്കയെ നോക്കിനിന്നുപോയി.
- സങ്കടം സഹിക്കവയ്യാതെ അയാൾ അവിടെ നിന്ന് പോയി.

'പോയി' എന്ന പദത്തിന് രണ്ടു സന്ദർഭത്തിലും പ്രകടമാകുന്ന അർഥവ്യത്യാസം കുറിക്കുക.

7. 'ആഹ്ളാദത്തിന്റെ മറ്റൊരു പേരാണ് സൗന്ദര്യം.' ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക.

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(3x4=12)**

8. "തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും, സ്വജീവിത-
നാളുകൾ തൽക്കണ്ഠത്തിലേറ്റിയ നുകം പേറി
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി."

**(കാളകൾ)**

കാളവണ്ടിക്കാരന്റെ ദുരിതജീവിതം ചിത്രീകരിക്കുന്നതിന് കവി തിരഞ്ഞെടുത്ത പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്? വിലയിരുത്തുക.

9. “മന്സക്കുട്ട്യാ! ” മൂത്താപ്പ പറഞ്ഞു: “ഇതൊന്നും ഓന്റെ സക്തിയല്ല. മന്സന്റെ സക്തിയല്ല.പൂതത്തിന്റെ സക്തിയാണ്. മൂന്ന് മൂർത്തികളാ ഓന്റെ മേത്ത്, അനക്കറിയൂലേ?”

“മൊയമ്മതാലിക്കാക്കാ , നിങ്ങൾക്ക് ഞാനുണ്ട്.
ഞാൻ വലുതായി നിങ്ങളെ സുഖക്കേട് മാറ്റിച്ചു....”

**(കളിപ്പാവകൾ)**

മൊയമ്മതാലിക്കാക്കയോടുള്ള അയ്മദിന്റെയും മൂത്താപ്പയുടെയും സമീപനങ്ങൾ തികച്ചും വ്യത്യസ്തമാകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമായിരിക്കാം? കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

10. കൊടും വർഷത്തിൽ കടൽ കരയെടുക്കുന്നതുപോലെ,എപ്പോൾ വേണമെങ്കിലും നഷ്ടപ്പെട്ടുപോയേക്കാവുന്നതാണ് ഭൗതികസമ്പാദ്യങ്ങളത്രയും എന്ന തിരിച്ചറിവ് അങ്ങനെ യൗവനാരംഭത്തിൽത്തന്നെ എനിക്കു കിട്ടി. ആ അറിവ് പിന്നീടുള്ള യാത്രകളിലൊക്കെയും വഴിവിളക്കാവുകയും ചെയ്തു.

**(ജീവിതം ഒരു പ്രാർത്ഥന)**

ലേഖകന്റെ ജീവിതാനുഭവവുമായി ബന്ധപ്പെട്ട ഈ നിരീക്ഷണം മഹാപ്രളയത്തിൽ അകപ്പെട്ട കേരളീയസമൂഹത്തിനു നൽകുന്ന സന്ദേശം എന്ത്?
നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

11. “ സുഖം സുഖം കൈവശമുള്ള വസ്തു
കാന്താരമെങ്ങും തിരയുന്നു നമ്മൾ ”

“ ഇറുപ്പവന്നും മലർഗന്ധമേകും
വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാരപ്രവണം പ്രപഞ്ചം”

| |
|---|
| കാന്താരം - കാട് |
| ഹനിക്കുക -കൊല്ലുക |

തന്നിരിക്കുന്ന വരികളും ‘വിശ്വം ദീപമയം’ എന്ന കവിതയിലെ ആശയങ്ങളും ഉൾപ്പെടുത്തി ജീവിതത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാട് വിവരിക്കുക.

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**(2x6=12)**

12. “ഒരു സിറിഞ്ച് വച്ചു വലിച്ചെടുത്തതുപോലെ അവൾ ഉണങ്ങിയിരുന്നു. വസ്ത്രങ്ങൾ പോലും ഓജസ്സറ്റിരിക്കുന്നു.”

“അവർ അയാളെത്തന്നെ നോക്കി നിന്നു. തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം.”

**(സാക്ഷി)**

തന്നിരിക്കുന്ന സൂചനകളും കഥയിലെ അനുയോജ്യമായ സന്ദർഭങ്ങളും വിശകലനം ചെയ്ത് ഉമ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

13. "അല്ലെങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും,വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ?"

**(വിശ്വം ദീപമയം)**

അമ്മയും മകനും കൂടി ജീവരക്ഷാർത്ഥം ഓടി ഇന്ത്യയിലെത്തി. വന്നുചേർന്നത് ബോംബെയിലാണ് . അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു-ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും. **(രണ്ട് ടാക്സിക്കാർ)**

രണ്ടു രചനയിലെയും ആശയങ്ങൾ ഉൾക്കൊള്ളിച്ച് ശുഭാപ്തി വിശ്വാസവും ജീവിതവിജയവും എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

14. "വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ- നിങ്ങൾ "

**(മാമ്പഴം)**

"ഹാ വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ?"

**(കന്നിക്കൊയ്ത്ത്)**

"തുടുവെള്ളാമ്പൽപ്പൊയ്കയല്ല, ജീവിതത്തിന്റെ
കടലേ കവിതയ്ക്ക് ഞങ്ങൾക്കു മഷിപ്പാത്രം"

**(പുതിയ കാഴ്ചപ്പാട്)**

ഈ വരികളിലെ ആശയവും 'കവിതയുടെ മൃത്യുഞ്ജയം' എന്ന ലേഖനത്തിലെ ആശയങ്ങളും പ്രയോജനപ്പെടുത്തി വൈലോപ്പിള്ളിക്കവിതയുടെ സവിശേഷതകൾ എന്ന വിഷയത്തിൽ ലഘുപന്യാസം തയാറാക്കുക.

15. ചുവടെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. (കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിക്കണം) **(1x8=8)**

സമസ്തലോകത്തെയും സുന്ദരപ്പൂങ്കാവാക്കി-
ച്ചമച്ചുവിരിയുന്നു ചിരിയാം മലരുകൾ
ചിരിപ്പിൻ ഭ്രാതാക്കളേ ചിരിപ്പിൻ,സർവേശന്റെ
ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ് വന്നു?
താരിന്റെ ചിരിയിൽ നിന്നല്ലയോ പഴമുണ്ടായ്
പാരിന്റെ ചിരിയിൽ നിന്നല്ലയോ നാമുണ്ടായി?
പരിതാപത്താലുള്ളം പൊരിയും പാവങ്ങൾക്കു
ചിരിയാം പാൽപകർന്നു കൊടുപ്പോൻ -തത്ത്വജ്ഞാനി
രോഗത്തിൻ പരിഹാരം, മുഖത്തിന്നലങ്കാരം
ലോകത്തിന്നുപഹാരം,മധുരഹാസാങ്കുരം
ചിരിപ്പിൻ ഭ്രാതാക്കളേ, ചിരിപ്പിൻ ചിൽക്കാതലിൻ
ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ് വന്നു

-വൈലോപ്പിള്ളി

| |
|---|
| ഭ്രാതാവ്-സഹോദരൻ |
| താര്-പൂവ് |
| അങ്കുരം -മുള |
| ചിൽക്കാതൽ-ദൈവം |